മാധ്യമം

02 December 2016



യു.എസ് ഗവേഷകൻ ഡോ. ഗുസ്താവ് പൗലേ സി.എം.എഫ്.ആർ.ഐയിലെ നാഷനൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയം സന്ദർശിക്കുന്നു

# സമുദ്രജീവികളുടെ വർഗീകരണത്തിന് ഇന്ത്യ ഊന്നൽ നൽകണമെന്ന് യു.എസ് ഗവേഷകൻ

കൊച്ചി: സമുദ്രജീവികളെ തരംതിരിക്കുന്ന പഠനത്തിന് (ടാക്സോണമി) ഇന്ത്യ ഊന്നൽ നൽകണമെന്ന് ജൈവവൈവിധ്യ പഠനരംഗത്ത് അന്താരാഷ്ട്ര പ്രശസ്തനായ യു.എസ് ഗവേഷകൻ ഡോ. ഗുസ്താവ് പൗലേ. 80ശതമാനത്തോളം സമുദ്രജീവികൾ ഇപ്പോഴും തരംതിരിക്കപ്പെട്ടിട്ടില്ല. ഇന്ത്യൻ മഹാസമുദ്രത്തിലെ ജൈവ വൈവിധ്യത്തെക്കുറിച്ചും ഇനിയും പഠനം നടക്കേണ്ടതുണ്ട്. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

ഫ്ലോറിഡ സർവകലാശാലയുടെ ഭാഗമായ ഫ്ലോറിഡ മ്യൂസിയം ഓഫ് നാച്ചുറൽ ഹിസ്റ്ററിയിൽ ക്യൂറേറ്ററാണ് ഡോ. ഗുസ്താവ്. രാജ്യാന്തര പ്രശസ്തരായ ഗവേഷകരെ സി.എം.എഫ്.ആർ.ഐയിലെ ഗവേഷകർക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായായിരുന്നു പരിപാടി.

സി.എം.എഫ്.ആർ.ഐയിലെ നാഷനൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയം അദ്ദേഹം സന്ദർശിച്ചു. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഉപഹാരം നൽകി. മറൈൻ ബയോഡൈവേഴ്സിറ്റി ഡിവിഷൻ തലവൻ ഡോ. കെ.കെ. ജോഷി, ജേണൽ ക്ലബ് കോഓഡിനേറ്റർ ഡോ. ശ്യാം എസ്. സലീം എന്നിവർ സംസാരിച്ചു.